"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ഗവൺമെന്റ് ഗസ്റ്റ് ഹൗസ്- കുക്ക് തസ്തിക- ശ്രീ. ആഹുൽ തങ്കച്ചൻ- ദിവസവേതന അടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.344/2024/TSM തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:- വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 01.01.2024-ലെ DOT/13223/2023-E5 നമ്പർ കത്ത്.

**ഉത്തരവ്**

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള ഇടുക്കി ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ കുക്ക് തസ്തികയിൽ സംജാതമായ ഒഴിവിൽ ശ്രീ. ആഹുൽ തങ്കച്ചനെ 25.09.2023 മുതൽ നിയോഗിച്ച നടപടിക്ക് വകുപ്പിൽ നിന്നും സാധൂകരണം നൽകിയിരുന്നു എന്നും പ്രസ്തുത കാലാവധി 23.12.2023 നു അവസാനിച്ചുവെന്നും പ്രസ്തുത തസ്തികയിലെ ഒഴിവിൽ താത്കാലിക നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ടി ഒഴിവിൽ ശ്രീ. ആഹുൽ തങ്കച്ചനെ സ്ഥിര നിയമനം നടക്കുന്നതുവരെയോ/ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടക്കുന്നതുവരെയോ നിലനിർത്തുന്നതിനുള്ള അനുമതി നൽകണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ ഒഴിവുള്ള കുക്ക് തസ്തികയിൽ ശ്രീ. ആഹുൽ തങ്കച്ചനെ 23.12.2023 നു ശേഷം ഒന്നോ രണ്ടോ ദിവസത്തെ ഇടവേള കണക്കാക്കി പ്രസ്തുത തീയതി മുതൽ 179 ദിവസത്തേക്ക് താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദിവസവേതന അടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു. ഈ കാലാവധിക്ക് ശേഷവും സ്ഥിരനിയമനം നടക്കുന്നില്ല എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ. ആഹുൽ തങ്കച്ചൻ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് [23.06.2024 ലെ 2677603/വ്യയം-ബി2/42/2024-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/3/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 15-07-2024 11:49:34
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്